**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2056** — **30-07-2021 - ൽ മറുപടിയ്ക്ക്**

**ബാലുശ്ശേരി മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ കോളനികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | ബാലുശ്ശേരി മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ കോളനികളുടെയും ഊരുകളുടെയും എണ്ണവും ഓരോ കോളനികളിലും താമസിക്കുന്ന കുടുംബങ്ങളുടെ എണ്ണവും പഞ്ചായത്തുകൾ തിരിച്ച് ലഭ്യമാക്കാമോ; | (എ) | പട്ടികജാതി കോളനികളെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. പഞ്ചായത്ത് കോളനികളുടെ എണ്ണം കുടുംബങ്ങളുടെ എണ്ണം ബാലുശ്ശേരി 24 268 നടുവണ്ണൂർ 28 242 ഉള്ളിയേരി 33 401 കോട്ടൂർ 16 210 ഉണ്ണികുളം 43 595 പനങ്ങാട് 27 235 കൂരാച്ചുണ്ട് 17 126 അത്തോളി 43 492 കായണ്ണ 19 211 ആകെ 250 2780 26പട്ടികവർഗ്ഗ കോളനികളുണ്ട്. വിശദാംശം അനുബന്ധം -1 ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത കോളനികളിൽ നടത്തിവരുന്ന വികസന പ്രവൃത്തികൾ ഏതൊക്കെയാണെന്നും ഈ പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും അറിയിക്കാമോ? | (ബി) | 2016-17 ലെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉണ്ണികുളം ഗ്രാമപഞ്ചായത്തിലെ കരിങ്കാളിമ്മൽ പട്ടികജാതി കോളനിയെ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി കോളനിയിൽ 33 ഗുണഭോക്താക്കളുടെ ഭവനപുനരുദ്ധാരണം പൂർത്തീകരിച്ചു. നടപ്പാത 4 എണ്ണം പൂർത്തീകരിച്ചു. കുടിവെള്ള പദ്ധതിയ്ക്കായി കിണർ കുഴിച്ച് ടാങ്ക് വെയ്ക്കാനുള്ള സ്ഥലം രജിസ്റ്റർ ചെയ്ത് പണി ആരംഭിച്ചിട്ടുണ്ട്. അംഗൻവാടിയുടെ നിർമ്മാണ പ്രവൃത്തി ആഗസ്റ്റ് അവസാനം പൂർത്തീകരിക്കുമെന്ന് ജില്ലാ നിർമ്മിതി കേന്ദ്രം അറിയിച്ചിട്ടുണ്ട്. കോട്ടൂർ പഞ്ചായത്തിൽ വാർഡ് 10, പുളിയേരിപ്പൊയിൽ കോളനി കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി റോഡ് നിർമ്മാണം നടന്നു കൊണ്ടിരിക്കുന്നു. റോഡ് മെറ്റലിട്ട് ടാർ ചെയ്യുവാനുണ്ട്. പനങ്ങാട് പഞ്ചായത്തിൽ ഭവന പുനരുദ്ധാരണം പൂർത്തീകരിക്കുവാനുണ്ട്. നടപ്പാത 2 എണ്ണം, റോഡ് നിർമ്മാണം, വാട്ടർ കണക്ഷൻ, പൊതു കിണറിന് ഗ്രിൽ ഇടൽ എന്നിവ ചെയ്യുവാനുണ്ട്. പ്രവൃത്തി ആഗസ്റ്റ് അവസാനം പൂർത്തീകരിക്കുമെന്ന് ജില്ലാ നിർമ്മിതി കേന്ദ്രം അറിയിച്ചിട്ടുണ്ട്. ഉള്ളിയേരി ഗ്രാമപഞ്ചായത്ത് നെല്ലിക്കുന്ന് കോളനി അംബേദ്കർ ഗ്രാമം പ്രാരംഭഘട്ട മീറ്റിംഗ് 20.07.2021-ന് ബഹു.എം.എൽ.എയുടെ അദ്ധ്യക്ഷതയിൽ |

| | | | |
|---|---|---|---|
| | | | നടന്നിട്ടുണ്ട്. പട്ടികവർഗ്ഗ കോളനികളിലെ പ്രവൃത്തികൾ സംബന്ധിച്ച വിശദാംശം അനുബന്ധം -2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - 1

| Sl No | Panchayath | Colony | No of Family |
|---|---|---|---|
| 1 | കോട്ടൂർ | ചെങ്ങോട്ടുമല | 158 |
| | " | തൊടിയാം പൊയിൽ | 52 |
| | " | അയ്യപ്പൻ മാക്കൂൽ | 38 |
| | " | കാപ്പുമ്മൽ മുക്കുന്ന് | 55 |
| | " | കല്ലൂട്ട് കുന്നുമ്മൽ | 32 |
| | " | പുളപ്പറമ്പ് | 10 |
| 2 | കൂരാച്ചുണ്ട് | അമ്പലകുന്ന് | 21 |
| | " | മണിച്ചേരിമല | 5 |
| | " | ഒറ്റപ്പെട്ടവ | 6 |
| 3 | പനങ്ങാട് | ഒരങ്കോൽ കുന്ന് | 20 |
| | ' | മണിച്ചേരിമല | 8 |
| | ' | കാപ്പിക്കുന്ന് | 11 |
| | ' | കരിമ്പിൻ തെരി | 13 |
| | ' | പൊട്ടൻ കാവിൽ | 24 |
| | ' | കൂരിക്കുന്ന് | 29 |
| | ' | കിഴക്കേ കുറുമ്പൊയിൽ | 17 |
| | ' | തോരാട് | 6 |
| | ' | കോട്ടക്കുന്ന് | 5 |
| | ' | ഒറ്റപ്പെട്ടവ | 15 |
| 4 | ഉണ്ണികുളം | നായരുവീട് | 9 |
| | ' | നായാട്ടു കുന്ന് | 15 |
| | ' | മഞ്ഞ്രമ്പമല | 10 |
| | ' | കരിന്തോറ | 16 |
| | ' | കാരേമ്മൽ | 9 |
| | ' | പാലക്കി | 9 |
| | " | ഒറ്റപ്പെട്ടവ | 13 |
| 5 | ബാലുശ്ശേരി | ചെകിടൻ മല | 60 |
| 6 | കായണ്ണ | കാപ്പുമ്മൽ | 14 |
| | ' | ഊളേരിമല | 8 |
| 7 | നടുവണ്ണൂർ | ഒറ്റപ്പെട്ടവ | 3 |
| 8 | ഉള്ളിയേരി | ഒറ്റപ്പെട്ടവ | 1 |
| | | TOTAL | 692 |

സെക്ഷൻ ഓഫീസർ

## അനുബന്ധം - 2

## കഴിഞ്ഞ 5 വർഷത്തിനുള്ളിൽ നടപ്പിലാക്കിയ പദ്ധതികൾ

### 1.ബാലുശ്ശേരി നിയോജക മണ്ഡലം :

1. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഗോത്രജീവിക പദ്ധതിയിലുൾപ്പെടുത്തി കോട്ടൂർ,പനങ്ങാട് എന്നീ പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് രണ്ട് ഗോത്രജീവിക തയ്യൽ യൂണിറ്റുകൾ ആരംഭിക്കുകയും യൂണിറ്റിലെ 35 ഗുണഭോക്താക്കൾക്ക് തയ്യൽ മെഷീനുകൾ വിതരണം ചെയ്യുകയും ചെയ്തു.

2. 2016-17 വർഷത്തെ ആർട്ടിക്കിൾ 275(1) പദ്ധതിയിലുൾപ്പെടുത്തി കോട്ടൂർ പഞ്ചായത്തിലെ ചെങ്ങോടുമല കോളനിയിൽ തയ്യൽ യൂണിറ്റ് ആരംഭിച്ചു.

   2017-18 കോർപ്പസ് ഫണ്ട് പദ്ധതിയിലുൾപ്പെടുത്തി പ്രതിഭാ കോളേജ് നടപ്പാത നിർമ്മാണം പൂർത്തീകരിച്ചു.

   2017-18 വർഷത്തെ പ്രത്യേക കേന്ദ്രസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി കോട്ടൂർ പഞ്ചായത്തിലെ ചെങ്ങോടുമല കോളനിയിൽ വാഴകൃഷി, പനങ്ങാട് പഞ്ചായത്തിൽ കാടുവെട്ട് യന്ത്രം എന്നിവ അനുവദിച്ചു.

3. 2018-19 വർഷത്തെ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി ഉണ്ണികുളം, ബാലുശ്ശേരി, കോട്ടൂർ,പനങ്ങാട്,കൂരാച്ചുണ്ട് പഞ്ചായത്തുകളിൽ സ്വയം തൊഴിൽ ചെയ്യുന്നതിനായി മരംമുറി യന്ത്രം, കാടുവെട്ട് യന്ത്രം, തെങ്ങ്കയറ്റ യന്ത്രം എന്നിവ അനുവദിച്ചു.

   2018-19 വർഷത്തെ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി കോട്ടൂർ,പനങ്ങാട്,കൂരാച്ചുണ്ട് പഞ്ചായത്തുകളിൽ അവശത അനുഭവിക്കുന്നവർക്ക് കട്ടിൽ അനുവദിച്ചു.

   2019-20 വർഷത്തെ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി പനങ്ങാട് പഞ്ചായത്തിലെ കോളനികളിൽ വാഴകൃഷി പദ്ധതി നടപ്പിലാക്കി.

   ലൈഫ് മിഷൻ പദ്ധതി ഒന്നാം ഘട്ടം പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണം പദ്ധതിയിലുൾപ്പെടുത്തി കോട്ടൂർ-35,പനങ്ങാട്-7, കൂരാച്ചുണ്ട്-7,കായണ്ണ-1, ഉണ്ണികുളം-5 എന്നിങ്ങനെ വീടുകൾ അനുവദിക്കുകയും വാസയോഗ്യമാം വിധം പൂർത്തീകരിക്കുകയും ചെയ്തു.

4. 2016-17 വർഷത്തെ പ്രത്യേക കേന്ദ്രസഹായ പദ്ധതിയിലുൾപ്പെടുത്തി ബാലുശ്ശേരി പഞ്ചായത്തിലെ ചെകിടൻമല കോളനിയിൽ കാടുവെട്ട് യന്ത്രം,തെങ്ങ്കയറ്റ യന്ത്രം, തയ്യൽ മെഷീൻ,പെട്ടിക്കട,പശു വളർത്തൽ, ആടു വളർത്തൽ,എന്നിവയും കൂരാച്ചുണ്ട് പഞ്ചായത്തിലെ അമ്പലക്കുന്ന് കോളനിയിൽ 14 കുടുംബങ്ങൾക്ക് വാട്ടർടാങ്കും വിതരണം ചെയ്തു.

   2017-18 വർഷത്തെ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി ബാലുശ്ശേരി പഞ്ചായത്തിലെ ചെകിടൻമല കോളനിയിൽ 21 ലക്ഷം രൂപ വിനിയോഗിച്ച് കുടിവെള്ള പദ്ധതി പൂർത്തീകരിച്ചു.

   2016-17 കോർപ്പസ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടത്തി കോൺക്രീറ്റ് നടപ്പാത നിർമ്മാണം പൂർത്തീകരിച്ചു

5. 2018 19 കോർപ്പസ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി കാപ്പുമ്മൽ കോളനി റോഡ് ടാറിംഗ് സാംസ്കാരിക നിലയം നിർമ്മാണം, കോൺക്രീറ്റ് നടപ്പാത എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചു.

[illegible] ഓഫീസർ